കുമ്മണ്ണൂർ-കൊക്കാത്തോട് ഫോറസ്റ്റ് റോഡ്

10 (768) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്മണ്ണൂർ-കൊക്കാത്തോട് ഫോറസ്റ്റ് റോഡ് ഗതാഗത യോഗ്യമല്ലാതായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 5000-ൽ അധികം പേർ വസിക്കുന്ന കൊക്കാത്തോട് എത്തിച്ചേരാനുള്ള ഏകമാർഗമായ കുമ്മണ്ണൂർ-കൊക്കാത്തോട് റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ ഗതാഗത യോഗ്യമാണ്.

(ബി) അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനംവകുപ്പിലെ റവന്യൂ കളക്ഷൻ

11 (770) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ 2000-2001 വർഷത്തിൽ റവന്യൂ ഇനത്തിൽ 31-1-2001 വരെ എന്തു തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 2000-2001 വർഷത്തേക്ക് എന്തു തുകയാണ് റവന്യൂ ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത് ;

(സി) 2001 മാർച്ചിന് മുമ്പ് ലക്ഷ്യമിട്ടിരുന്ന മുഴുവൻ തുകയും പിരിച്ചെടുക്കാൻ കഴിയുമോ ;

(ഡി) ഇതിനുവേണ്ടി വകുപ്പുതലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഇ) വനംവകുപ്പിൽ 31-1-2001 വരെ എന്ത് തുക റവന്യൂ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) റവന്യൂ കുടിശിക പിരിഞ്ഞു കിട്ടാനുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ജി) റവന്യൂ കുടിശിക പിരിച്ചെടുക്കാൻ വകുപ്പ് തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എച്ച്) റവന്യൂ കുടിശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 109.77 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly